## കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4364 — 27.06.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

### മലപ്പുറം ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് കോളേജിന് സ്ഥലം

| ചോദ്യം<br>ശ്രീ. പി. ഉബൈദുള്ള | മറുപടി<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) മലപ്പുറം ഗവ കോളേജ് കാമ്പസിൽ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് കോളേജിന് സ്ഥലം കണ്ടെത്തുന്ന നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വിശദാംശം നൽകുമോ ; | (എ) ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് കോളേജിന് സ്ഥലം കണ്ടെത്തുന്നതിനായി അന്വേഷണം നടത്തിയതിൽ അനുയോജ്യമായ ഭൂമി ലഭ്യമല്ല. |
| (ബി) പന്തല്ലൂർ വില്ലേജിലും സിവിൽ സ്റ്റേഷൻ വളപ്പിലും ഇതിന് അനുയോജ്യമായ റവന്യൂ വകുപ്പിന്റെ ഭൂമി പരിശോധന നടത്തിയിട്ടുണ്ടോ; | (ബി) 29.08.2009 ലെ 55028/എൽ3/2008/റവ നമ്പർ സർക്കുലർ പ്രകാരം വില്ലേജ് ഓഫീസ് കോമ്പൗണ്ടുകളിലെ ഭൂമി മറ്റ് ആവശ്യങ്ങൾക്കായി നൽകരുത് എന്ന് നിർദ്ദേശമുണ്ട്. സിവിൽ സ്റ്റേഷൻ വളപ്പിൽ ഇതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലം കൺസ്യൂമർ ഫോറം, ലൈബ്രറി കൗൺസിൽ കെ.പി.എസ്.സി. എന്നീ സ്ഥാപനങ്ങൾക്ക് ലീസിന്/കൈമാറ്റത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ പ്രസ്തുത സ്ഥലങ്ങൾ കൈമാറുവാൻ നിർവ്വാഹമില്ലാത്തതുമാണ്. |
| (സി) ഇല്ലെങ്കിൽ മലപ്പുറത്തോ പരിസര വില്ലേജുകളിലോ ഇതിനായി ഭൂമി കണ്ടെത്തുന്നതിന് തഹസിൽദാർമാർക്ക് നിർദ്ദേശം നൽകുമോ ? | (സി) മലപ്പുറത്തോ പരിസര വില്ലേജുകളിലോ ഇതിനനുയോജ്യമായ ഭൂമി ലഭ്യമല്ലായെന്ന് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ